GE-DA2/12/2024-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീ മുഹമ്മദലി ഇ. കെ., എച്ച്.എസ്.എസ്.ടി(സുവോളജി), ഗവ. മോഡൽ എച്ച്.എസ്.എസ്, മാനാഞ്ചിറ, കോഴിക്കോട്- പൊതു വിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി-റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

**G.O.(Rt)No.2381/2024/GEDN** തീയതി,തിരുവനന്തപുരം, **23-03-2024**

---

പരാമർശം:-
1. പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ **07.12.2022** ലെ എഡിസി6/262222/2022/ഡിജിഇ നം കുറ്റപത്രം, കുറ്റാരോപണ പത്രിക
2. പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ **14.12.2023** ലെ എഡിസി6/262222/2022/ഡിജിഇ നം കത്ത്

**ഉത്തരവ്**

കോഴിക്കോട് മാനാഞ്ചിറ ഗവ:മോഡൽ എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.ടി (സുവോളജി) ശ്രീ മുഹമ്മദലി ഇ.കെ. 27/10/2022 തീയതിയിൽ ഗവ.അച്യുതൻ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷ ഡ്യൂട്ടിക്കിടയിൽ പരീക്ഷയെഴുതിയിരുന്ന വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറുകയും പ്രസ്തുത വിദ്യാർത്ഥിനിയുടെ ശരീരത്തിൽ ബോധപൂർവ്വം സ്പർശിക്കുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ 354 A IPC & Sec 10 r/w, 9(c) (f) (p) വകുപ്പ്

പ്രകാരം 742/2022 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ 28/10/2022 ൽ കോടതിയിൽ ഹാജരാക്കുകയും അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി 10/11/2022 തീയതി വരെ റിമാൻഡിൽ പാർപ്പിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ ടിയാനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ടിയാനെതിരെ പരാമർശം (1) പ്രകാരം 1960-ലെ കെ.സി.എസ്(സിസി&എ) ചട്ടങ്ങൾക്ക് കീഴിൽ മേജർ പെനാൽറ്റി നിർദ്ദേശിക്കപ്പെട്ടതുപ്രകാരമുള്ള അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിരുന്നു.

2. എന്നാൽ ശ്രീ മുഹമ്മദലി ഇ. കെ. സ്റ്റേറ്റ് സർവീസിൽപ്പെട്ട ആളായതിനാൽ ടി യാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ സർക്കാരിന് മാത്രമേ അധികാരമുള്ളൂ എന്നും ഈ സാഹചര്യത്തിൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കണമെന്നും പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ മുഹമ്മദലി ഇ. കെ. ക്കെതിരെ പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി റദ്ദുചെയ്യാൻ തീരുമാനിക്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ ശ്രീ മുഹമ്മദലി ഇ. കെ., എച്ച്.എസ്.എസ്.ടി (സുവോളജി), ഗവ. മോഡൽ എച്ച്.എസ്.എസ്, മാനാഞ്ചിറ, കോഴിക്കോടിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ച അച്ചടക്കനടപടി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ടിയാനെതിരെ 1960-ലെ കെ.സി.എസ്(സിസി&എ) ചട്ടം 15 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GEETHA GOPINATH

DEPUTY SECRETARY

1.പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം)

2.ശ്രീ മുഹമ്മദലി ഇ. കെ., എച്ച്.എസ്.എസ്.ടി (സുവോളജി), പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം

4.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

5.വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 25-03-2024 10:47:53
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്